# JYOTHI

## 2023-2024

## ജ്യോതി



# Indische Katholische Gemeinde
# Syro-Malabar Frankfurt


Merry Christmas



## St. Christophorus Kirche
## An den Drei Steinen 42C, 60435
## Frankfurt am Main

*Thank you !*

*തോമസച്ചാ...*



*Hearty welcome !*

*ജോബിയച്ചാ...*



# Contents


- Season's Greetings!
- അസ്സീസ്സിയുടെ പുണ്യഭൂമിയിലേക്ക്
- മാതൃദീപ്തി
- Tagesausflug der Ministranten
- Society of Saint Vincent de Paul
- Moments 2023
- Programme 2024

# SEASON'S GREETINGS!

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി ഉണ്ണീശോ പുൽക്കൂട്ടിൽ പിറന്നതിന്റെ ദിവ്യമായ അനുഭവമാണല്ലോ ക്രിസ്തുമസ്. വർഷത്തിലൊരിക്കൽ ഡിസംബർ 25ന് ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിലേക്കിറങ്ങിവരുന്നു. വിശ്വാസഭവനങ്ങളിലെല്ലാം നക്ഷത്രവെളിച്ചം നിറയുന്നു. ഈ വെളിച്ചത്തിൽ ക്രിസ്തുമസ് നൽകുന്ന സ്നേഹ സന്ദേശങ്ങളിൽ ചിലത് ഓർമ്മിക്കുന്നു.

മനുഷ്യനോ അവൻ സൃഷ്ടിച്ച നിർമ്മിത ബുദ്ധിക്കോ മനസിലാക്കാൻ കഴിയാത്തതാണ് ദൈവത്തിന്റെ തീരുമാനങ്ങൾ. ലോകം മുഴുവനും പ്രകാശം നൽകുന്ന ക്രിസ്തു പുൽക്കൂട്ടിൽ പിറക്കുമെന്ന് ഹേറോദോസിന്റെ അധികാരത്തിനോ രാജബുദ്ധിക്കോ മനസിലാക്കാൻ സാധിച്ചില്ല. സമ്പത്തും പദവിയുമുള്ള ചക്രവർത്തിമാരുടെ പുത്രിമാർ ഉണ്ടായിട്ടും ക്രിതുവിന്റെ അമ്മയാകാനുള്ള ഭാഗ്യം ലഭിച്ചത് പാവപ്പെട്ട മറിയത്തിനായിരുന്നു. പണ്ഡിതന്മാരും ജ്ഞാനികളും ചക്രവർത്തിമാരും കാണുന്നതിനു മുൻപേ ഉണ്ണീശോയെ ദർശിച്ചത് ആട്ടിടയന്മാരായിരുന്നു. കാലിത്തൊഴുത്തിലേക്കുള്ള വഴി കണ്ടുപിടിക്കുന്നതിലും പലരും പരാജയപ്പെട്ടു. ജ്ഞാനികൾ പോലും നക്ഷത്രത്തെ അടയാളമാക്കിയാണ് പുൽക്കൂട്ടിൽ എത്തിച്ചേർന്നത്. നേർവഴി കാണിക്കുന്ന ഈ നക്ഷത്രം സാധാരണ നക്ഷത്രമായിരുന്നില്ല. പ്രതീക പഠനങ്ങളിൽ നക്ഷത്രം ഇരുട്ടിനെതിരെ പൊരുതുന്ന സ്വർഗ്ഗീയ വെളിച്ചമാണ്. ദൈവശാസ്ത്രത്തിൽ നക്ഷത്രം അനശ്വരമായ ആത്മാവിനെ പ്രതിനിധാനം ചെയ്യുന്നു. തിരുപ്പിറവിക്ക് മുമ്പുതന്നെ ക്രിസ്തുവിനെ നക്ഷത്രമായി അവതരിപ്പിച്ചിട്ടിട്ടുണ്ട്.

"യാക്കോബിൽ നിന്ന് നക്ഷത്രം ഉദിക്കും." (സംഖ്യ 24 : 17) എന്ന പ്രവചനത്തിലെ നക്ഷത്രം ക്രിസ്തു തന്നെയാണ്. വഴികാട്ടിയായ നക്ഷത്രത്തിന്റെ പ്രാധാന്യം ക്രിസ്തുമസ് കേക്കിന്റെ മധുരത്തിൽ നാം മറന്നുപോകരുത്.

സ്നേഹവും സമാധാനവും സന്തോഷവും ലഭിക്കുന്ന ക്രിസ്തുമസ് ദിനത്തിൽ നാം വഴികാട്ടിയായ നക്ഷത്രവും തണൽ മരവുമായി മാറേണ്ടതാണ്. വെട്ടിമാറ്റിയ വൃക്ഷശിഖരം കൊണ്ടു നാം മനോഹരമായ ക്രിസ്തുമസ് ട്രീകൾ നിർമിക്കുന്നു. അലങ്കാരഭംഗിയാൽ അത് നമ്മെ ആനന്ദിപ്പിക്കുന്നു. എങ്കിലും ഇവയ്ക്കു വേരുകളില്ല എന്നൊരു വലിയ കുറവുണ്ട്. അതിനാൽ ജീവജലത്തിലേക്ക് വേരു പടർത്തുന്ന ക്രിസ്തുമസ്ട്രീയായും മങ്ങിപ്പോകാത്ത നക്ഷത്രവിളക്കായും സ്വയം രൂപാന്തരപ്പെടാം.

ശാന്തിയുടെയും സ്നേഹത്തിന്റെയും ആഘോഷത്തിന്റെയും നക്ഷത്രങ്ങൾ മാനത്തു വിരിയുന്ന ഈ ക്രിസ്മസ് വേളയിൽ... വിണ്ണിലെ സന്തോഷവും സമാധാനവും നമ്മുടെ ഹൃദയങ്ങളിൽ നിറയാൻ ഈ ക്രിസ്മസ് പുതുവത്സര ദിനങ്ങൾ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഏവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ സ്നേഹത്തോടെ നേരുന്നു.



പ്രാർത്ഥനയോടെ,
ഫാ. ജോബി ജോർജ് കുന്നത്ത് CMF

# തീർത്ഥാടനം - 2023
# അസ്സീസ്സിയുടെ പുണ്യഭൂമിയിലേക്ക്

*Jiju Joseph*



*പുണ്യ സ്ഥലങ്ങളിലേക്കുള്ള തീർത്ഥ യാത്രകൾ വിശ്വാസ പ്രഘോഷണത്തിന്റെയും യുവ തലമുറയുടെ വിശ്വാസ ശാക്തീകരണത്തിന്റെയും ഒരു അവിഭാജ്യ ഘടകം തന്നെ ആയാണ് നൂറ്റാണ്ടുകളായി സീറോ മലബാർ സഭ കണ്ടു വരുന്നത് .*

*2022 ലെ വിജയകരമായ ലൂർദ്, ലിസ്യു തീർത്ഥാടനത്തിനു ശേഷം 2023 ജൂലൈ 28 മുതൽ ഓഗസ്റ്റ് 2 വരെയുള്ള ദിവസങ്ങളിൽ ഫ്രാങ്ക്ഫർട്ട് സീറോ മലബാർ സമൂഹം പാദുവ ,അസ്സീസ്സി എന്നീ സ്ഥലങ്ങളിലേക്ക് ഈ വർഷത്തെ തീർത്ഥാടനം സംഘടിപ്പിച്ചു. വി.ഫ്രാൻസിസ് അസ്സിസ്സിയുടെയും വി.അന്തോനീസ് പുണ്യവാളന്റെയും പാദ സ്പർശമേറ്റ വിശുദ്ധ സ്ഥലങ്ങളും അതു പോലെ വെനീസ്,മിലാൻ, ഫ്ലോറെൻസ് എന്നീ സ്ഥലങ്ങളും സന്ദർശിക്കാൻ 12 കുട്ടികൾ അടക്കം 51 പേർ ചേർന്ന ഞങ്ങളുടെ സംഘത്തിന് ദൈവ കൃപയാൽ സാധിച്ചു. ഈ യാത്രയിലുടനീളം ഞങ്ങളെ കാത്തു പരിപാലിച്ച പരമ കാരുണികനായ ദൈവത്തിനു നന്ദി .*

***Day 1 - 28.07.2023***

ജൂലൈ 28 വെള്ളിയാഴ്ച രാവിലെ 8.30 ന് ഫ്രാങ്ക്ഫർട്ട് Rodelheim ൽ നിന്നും ആരംഭിച്ച ഞങ്ങളുടെ യാത്ര ജപമാലയുടെയും ഭക്തി ഗാനങ്ങളുടെയും ചൈതന്യത്തിൽ മുന്നേറി. ഒരു വയസ്സിൽ താഴെ മാത്രം പ്രായമുള്ള രണ്ടു കുഞ്ഞു മാലാഖമാർ അടക്കം ആകെ 12 കുട്ടികൾ ഈ യാത്രയുടെ പ്രത്യേകത ആയിരുന്നു. ജർമനിയിലെ വേനൽ കാല അവധിയുടെ ആരംഭം ആയിരുന്നതിനാൽ വഴിയിൽ പ്രതീക്ഷിച്ചതിലും അധികം വാഹന ബാഹുല്യം നേരിട്ടു. ഏകദേശം 12.30 മണിയോടെ ഉച്ച ഭക്ഷണം കഴിക്കാൻ പറ്റിയ സ്ഥലം കണ്ടെത്തുകയും മാതൃ ദീപ്തി അംഗങ്ങൾ തയാറാക്കി തന്നിരുന്ന ഉച്ച ഭക്ഷണം എല്ലാവര്ക്കും വിളമ്പുവാനും കഴിഞ്ഞു. വളരെ രുചികരമായ ലെമൺ റൈസും അച്ചാറും , ഞങ്ങളുടെ ജർമൻ കാരനായ ബസ് ഡ്രൈവർ പോലും ആസ്വദിച്ചു കഴിക്കുന്നത് കൗതുകകരമായ ഒരു കാഴ്ച തന്നെ ആയിരുന്നു . ആദ്യ ദിവസത്തെ ലക്ഷ്യ സ്ഥാനമായ ഗാർമിഷ് പാറ്റേൺ കിർഷെൻ ലേക്കുള്ള ഞങ്ങളുടെ തുടർ യാത്ര ഓസ്ട്രിയ യുടെ വിവിധ ഭാഗങ്ങളിൽ കൂടി ആയിരുന്നു .വൈകുന്നേരം 5.30 മണിയോടെ ഞങ്ങൾ അവിടെ എത്തിച്ചേർന്നു . ഏകദേശം ഒരു മണിക്കൂർ അവിടെ ചിലവഴിച്ചതിനു ശേഷം ഞങ്ങൾ ഹോട്ടൽ ലേക്ക് തിരിച്ചു. വിഭവ സമൃദ്ധമായ അത്താഴത്തിനു ശേഷം എല്ലാവരും തങ്ങളുടെ മുറികളിലേക്ക് നീങ്ങി . 9 മണിയോടെ ഒരു ചെറിയ Introduction പ്രോഗ്രാമിനായി ഞങ്ങൾ ഹാളിൽ ഒത്തു കൂടി. യാത്രയിൽ പുതിയ അംഗങ്ങൾ ഉണ്ടായിരുന്നതിനാൽ എല്ലാവർക്കും പരസ്പരം പരിചയപ്പെടുവാൻ സാധിച്ചു .തുടർന്ന് രാത്രി വിശ്രമ ത്തിനായി എല്ലാവരും മുറികളിലേക്ക് തിരിച്ചു.

***Day 2 - 29.07.2023***

ഞങ്ങളുടെ യാത്രയുടെ രണ്ടാം ദിവസം രാവിലെ 6.30ന് വിശുദ്ധ കുർബാനയോടു കൂടി ആരംഭിച്ചു. തോമസ് അച്ചന്റെ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ ഏകദേശം 30 പേരോളം പങ്കെടുത്തു.പ്രഭാത ഭക്ഷണത്തിനു ശേഷം 9 മണിയോടെ ഞങ്ങൾ പാദുവ ലക്ഷ്യമാക്കി യാത്ര തിരിച്ചു.പന്ത്രണ്ടാം നൂറ്റാണ്ടിൽ പണി കഴിപ്പിച്ച, വി.അന്തോനീസ് പുണ്യവാളന്റെ കല്ലറ നിലകൊള്ളുന്ന ബസിലിക്കയിൽ ഏകദേശം 4 മണിയോടെ ഞങ്ങൾ എത്തിച്ചേർന്നു. പുണ്യവാളന്റെ കല്ലറയിൽ തൊട്ടു പ്രാർത്ഥിച്ചു , ഇന്നും അഴുകാതിരിക്കുന്ന ഭൗതിക അവശിഷ്ടങ്ങൾ കണ്ട് ഞങ്ങൾ ഓരോരുത്തരും വ്യക്തിപരമായ നിയോഗങ്ങൾക്കായി പുണ്യവാളന്റെ മാധ്യസ്ഥം അപേക്ഷിച്ചു. കുട്ടിക്കാലം മുതൽ കേട്ടറിഞ്ഞിട്ടുള്ള , എന്തെങ്കിലും വസ്തുക്കൾ കാണാതെ പോയാൽ അത് തിരികെ കിട്ടുവാൻ ഉടനെ വിളിക്കാറുള്ള അന്തോനീസ് പുണ്യവാളന്റെ സന്നിധിയിൽ ചിലവഴിച്ച നിമിഷങ്ങൾ വളരെ ഭക്തിദായകമായിരുന്നു.

ഏകദേശം എണ്ണൂറു വർഷങ്ങൾ മുൻപ് ഇറ്റലിയിലെ അക്കാലത്തെ പ്രഗത്ഭർ ആയ ശില്പികൾ വെണ്ണക്കല്ലിൽ കടഞ്ഞെടുത്ത അതീവ സുന്ദരമായ രൂപങ്ങൾ ഈ ദേവാലയത്തിനു അതീവ ചാരുതയേകുന്നു എന്ന് തന്നെ പറയണം. തുടർന്ന് ദേവാലയത്തോടു ചേർന്നുള്ള ചെറിയ കടകളിൽ നിന്ന് പുണ്യവാളന്റെ രൂപങ്ങൾ,കൊന്തകൾ ,കാശു രൂപങ്ങൾ ഒക്കെ ഞങ്ങളുടെ പ്രിയപ്പെട്ടവർക്കായി വാങ്ങി. വൈകുന്നേരം ഏകദേശം 7 .20 ന് ഞങ്ങൾ അന്ന് താമസിക്കുന്ന ഹോട്ടലിൽ എത്തി ചേർന്നു .

## Day 3 - 30.07.2023

ജൂലൈ 30 ന് രാവിലെ 6 .30 ന് ഹോട്ടലിലെ കോൺഫറൻസ് ഹാളിൽ വിശുദ്ധ കുർബാനയോടെ യാത്രയുടെ മൂന്നാം ദിനം ആരംഭിച്ചു.

പ്രഭാത ഭക്ഷണത്തിന് ശേഷം ഞങ്ങൾ അടുത്ത ലക്ഷ്യത്തിലേക്കു യാത്ര തിരിച്ചു. നാലാം നൂറ്റാണ്ടിൽ അക്കാലത്തെ പരിമിതമായ നിർമാണ രീതികളിൽ തീർത്ത കൃത്രിമ ദ്വീപ് ആയ വെനീസ് ആണ് ഞങ്ങളുടെ അടുത്ത ലക്ഷ്യം. പ്രതിവർഷം രണ്ടര കോടി സന്ദർശകർ എത്തുന്ന , ലോക പ്രശസ്ത സഞ്ചാരി ആയ മാർകോ പോളോ യുടെ ജന്മസ്ഥലമായ വെനീസിൽ ഞങ്ങൾ 10.15 ന് എത്തി ചേർന്നു. 25 മിനിറ്റോളം ദൈർഘ്യം ഉള്ള ബോട്ട് യാത്ര ചെയ്തു വേണം കരയിൽ നിന്ന് വെനീസിൽ എത്തുവാൻ. നല്ല ചൂടുള്ള കാലാവസ്ഥ ആയിരുന്നെങ്കിലും എല്ലാവരും തന്നെ ആവേശത്തോടെ വെനീസിലെ ആശ്ചര്യകരമായ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. നൂറ്റാണ്ടുകൾ പഴക്കമുള്ള അതി ഗംഭീരമായ വാസ്തു ശില്പ വിദ്യകൾ , പള്ളികൾ , ശില്പങ്ങൾ ഒക്കെയും തന്നെ നയനമനോഹരമായ കാഴ്ചകൾ ആയിരുന്നു. ഉച്ച ഭക്ഷണത്തിനു ശേഷം ഞങ്ങൾ ബോട്ടിൽ മടക്ക യാത്ര ആരംഭിച്ചു. വെനീസിൻറെ മാസ്മരിക ദൃശ്യഭംഗി കാമറകളിൽ ഒപ്പിയെടുക്കുവാൻ ഞങ്ങൾ എല്ലാവരും പരസ്പരം മത്സരിച്ചു എന്നു തന്നെ പറയാം.

വെനീസിൽ നിന്നും 400km അകലെയുള്ള പുണ്യഭൂമി ആയ അസ്സീസ്സിയിലേക്കാണ് ഞങ്ങളുടെ ഇന്നത്തെ യാത്രയുടെ അടുത്ത ഘട്ടം. ഏകദേശം 7 മണി കഴിഞ്ഞപ്പോൾ ഞങ്ങൾ അവിടെ എത്തിച്ചേർന്നു . Maria Immaculate കോൺവെന്റിലെ സിസ്റ്റേഴ്സ് ഞങ്ങളെ വളരെ സ്നേഹത്തോടെയും സന്തോഷത്തോടെയും സ്വീകരിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് നമസ്തെ എന്ന് പറഞ്ഞു ഞങ്ങളെ സ്വീകരിച്ചത് ഇപ്പോളും ഓർമയിൽ മായാതെ നിൽക്കുന്നു. ഭക്ഷണവും തമാശകളും ചെറിയ നടപ്പും ഒക്കെ കഴിഞ്ഞു ഏകദേശം 10 മണിയോടെ ഞങ്ങൾ റൂമുകളിലേക്ക് നീങ്ങി.

***Day 4 - 31 .07 .2023***

*രാവിലെ 9 മണിയോടെ ഞങ്ങൾ വി . ഫ്രാൻസിസ് അസ്സീസ്സിയുടെ ശവകുടീരം നില കൊള്ളുന്ന ബസിലിക്കയിലേക്കു കാൽനടയായി തിരിച്ചു. Fr. ഫിലിപ്പ് കരോട്ടപ്പുറത്തിന്റെ സഹായത്താൽ ബസിലിക്കയിലെ ഒരു ചാപ്പലിൽ ഞങ്ങൾ ദിവ്യബലി അർപ്പിച്ചു. പുണ്യവാളന്റെ കല്ലറ സന്ദർശിക്കുവാനും ഞങ്ങളുടെ പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ചു മാധ്യസ്ഥം അപേക്ഷിക്കുവാനും സാധിച്ചത് ഒരു വലിയ അനുഗ്രഹം ആയി കരുതുന്നു.*

*ഉച്ച ഭക്ഷണത്തിനു ശേഷം മിനിബസുകളിലായി ഞങ്ങൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സി തന്റെ ജീവിതത്തിന്റെ നല്ല ഒരു ഭാഗം ചിലവഴിച്ച സുബാസിയോ മലയിലേക്കും പുണ്യവാളൻ തടവറയിൽ കഴിഞ്ഞിരുന്ന **Erme Delle Carceri** യും കാണുവാൻ തിരിച്ചു. സമുദ്ര നിരപ്പിൽ നിന്നും 800 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന തികച്ചും ശാന്തമായ ഈ മനോഹര സ്ഥലം സന്യാസി സന്യാസിനികൾക്കും ധ്യാന ജീവിതത്തിനും ഏറ്റവും അനുയോജ്യമായി ഇന്നും നിലകൊള്ളുന്നു. വിശുദ്ധൻ പ്രാർത്ഥിച്ചിരുന്ന മുറികൾ, ഉപയോഗിച്ചിരുന്ന വിവിധ വസ്തുക്കൾ എല്ലാം 800 വർഷങ്ങൾക്കു ശേഷം ഇന്നും യാതൊരു കേടുപാടുകളും കൂടാതെ സൂക്ഷിച്ചിരിക്കുന്നതിൽ ആശ്ചര്യം തോന്നി. അവിടെ നിന്ന് ഞങ്ങൾ **Basilica of Saint Mary of Angels** സന്ദർശിക്കുവാൻ തിരിച്ചു. ഈ ബസിലിക്ക സന്ദർശിക്കാതെ അസ്സീസ്സിയിലേക്കുള്ള തീർത്ഥാടനം പൂർണ്ണമാവില്ല. ബസിലിക്കയുടെ ചരിത്രം, അങ്കണത്തിൽ ഇന്നും സ്ഥിതി ചെയ്യുന്ന മുള്ളില്ലാത്ത റോസ, എപ്പോളും ഒരു വെള്ളരി പ്രാവ് വന്നിരിക്കുന്ന വിശുദ്ധന്റെ തിരുസ്വരൂപം, പുണ്യവാളൻ അവസാന ദിനങ്ങൾ ചിലവഴിച്ച സ്ഥലം ഇവയൊക്കെയും കുറിച്ചു പന്ത്രണ്ടു വർഷത്തോളം ഇറ്റലിയിൽ സേവനം അനുഷ്ഠിച്ച തോമസ് അച്ചൻ ഞങ്ങൾക്കു വിശദീകരിച്ചു തന്നു.*

*ഈ യാത്രയിൽ ഏറ്റവും കൂടുതൽ സ്ഥലങ്ങൾ ഒരു ദിവസത്തിനുള്ളിൽ സന്ദർശിച്ചത് ഈ ദിവസം ആണെന്ന് പറയാം.*

***Day 5 - 01 .08 .2023***

*കോൺവെന്റിലെ ചാപ്പലിൽ വി.കുർബാനയോടു കൂടി ഈ യാത്രയിലെ അഞ്ചാം ദിനം ആരംഭിച്ചു. പാദുവ, അസ്സീസ്സി എന്നിവിടങ്ങളിൽ നിന്നൊക്കെയും ഞങ്ങൾ വാങ്ങിയിരുന്ന കൊന്തകൾ , രൂപങ്ങൾ ഒക്കെയും തോമസ് അച്ചൻ കുർബാനയ്ക്കു ശേഷം വെഞ്ചരിച്ചു തന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ഞങ്ങൾക്ക് വേണ്ട ഭക്ഷണവും താമസ സൗകര്യങ്ങളും ഒക്കെ ചെയ്തു തന്ന സിസ്റ്റേഴ്സിന് നന്ദി പറഞ്ഞു ഞങ്ങൾ അടുത്ത ലക്ഷ്യം ആയ ഫ്ലോറെൻസിലേക്കു തിരിച്ചു..*

***170 km താണ്ടി ഏകദേശം 1.20 ന് ഞങ്ങൾ ഫ്ലോറെൻസിൽ എത്തിച്ചേർന്നു. Indian Palace റെസ്റ്റോറന്റിലെ സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തിനു ശേഷം ഫ്ലോറെൻസ് കത്തീദ്രൽ, പ്രശസ്തമായ Ponte Vechhio എന്ന 700 വർഷം പഴക്കമുള്ള പാലം ഇവ ഞങ്ങൾ സന്ദർശിച്ചു. ഫ്ലോറെൻസിലെ ചൂട് കാലാവസ്ഥ അല്പം കടുപ്പം ആയിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു .***

***വൈകുന്നേരം 7 മണിയോടെ ഞങ്ങൾ അന്നു താമസിക്കാനുള്ള ഹോട്ടലിൽ എത്തി ചേർന്നു. ഞങ്ങളോടൊപ്പം ഈ യാത്രയിൽ പങ്കെടുത്ത ആന്റണി ചേട്ടൻറെ ജന്മദിനം ഞങ്ങൾ ഒരുമിച്ചു ആഘോഷിച്ചു.***

***Day 6 - 02 .08 .2023***

***ഏകദേശം 9 മണിയോടെ ഹോട്ടലിൽ നിന്നും ഞങ്ങളുടെ യാത്ര ആരംഭിച്ചു . ഇറ്റലിയിലെ ഏറ്റവും വലുതും ലോകത്തിലെ തന്നെ അഞ്ചാമത്തെ വലുപ്പമേറിയതുമായ മിലാൻ കത്തീദ്രൽ ആണ് അടുത്ത ലക്ഷ്യം. ഏകദേശം 600 വർഷങ്ങൾ കൊണ്ട് പണി കഴിപ്പിച്ച ഈ ദേവാലയം നൂറ്കണക്കിന് അതി മനോഹരങ്ങളായ വെണ്ണക്കൽ ശില്പങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഈശോ മിശിഹായെ കുരിശിൽ തറച്ച മൂന്നു അണികളിൽ ഒരെണ്ണം ഈ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നത് ഞങ്ങൾ പലർക്കും പുതിയ ഒരു അറിവായിരുന്നു.***

***ഒരു സമയം 40000 പേരെ ഉൾക്കൊള്ളാൻ പറ്റുന്ന ഈ ദേവാലയം ഇറ്റാലിയൻ വാസ്തു ശിൽപ വിദ്യ യുടെ ഒരു മകുടോദാഹരണം എന്ന് തന്നെ പറയാം. ഏകദേശം 11 .30 ന് ഞങ്ങളുടെ മടക്കയാത്ര ആരംഭിച്ചു. 700 kms ദൈർഘ്യം വരുന്ന ഈ യാത്ര യുടെ നല്ലൊരു ഭാഗത്തെ പ്രകൃതി രമണീയമായ സ്വിറ്റ്സർലാൻഡിന്റെ മടിത്തട്ടിൽ കൂടി ആയിരുന്നു. രാത്രി 12 മണിയോടെ ഞങ്ങൾ ഫ്രാങ്ക്ഫർട്ടിൽ തിരിച്ചെത്തി.***

***കർത്താവിന്റെ പ്രത്യേക സംരക്ഷണത്തിന്റെ ആറു ദിനങ്ങൾ. ദൈവമേ, ഈ യാത്രയിൽ ഉടനീളം പിഞ്ചു കുഞ്ഞുങ്ങളും പ്രായം ആയവരും അടക്കം ഞങ്ങൾ ഓരോരുത്തരെയും കാത്തു സംരംക്ഷിച്ചതിനു ഒരായിരം നന്ദി ..***

*ഇറ്റലിയിലേക്ക് സംഘടിപ്പിച്ച ഈ തീർത്ഥാടനം വിജയിപ്പിക്കുവാൻ സഹായിച്ച എല്ലാവരെയും പ്രത്യേകിച്ച് ബഹു.വികാരി തോമസ് വട്ടുകുളം സി.എം.എഫ് അച്ചനെയും, ശ്രീ ജോസഫ് ഫിലിപ്പോസിനെയും, ശ്രീമതി ഗ്രേസി പള്ളിവാതുക്കൽ, ശ്രീ ജോൺസൺ കടകതലക്കൽ, ശ്രീ ബിജൻ കൈലാത്ത്, ശ്രീ സുനിൽ ആന്റണി തുടങ്ങിയ എല്ലാ പാരിഷ് കമ്മിറ്റി അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഭക്ഷണവും മറ്റു കാര്യങ്ങളും ഒരുക്കുവാൻ സഹായിച്ച മാതൃ ദീപ്തി അംഗങ്ങളെയും, യാത്രയിലുടനീളം ലഗ്ഗേജ്കൾ കൈകാര്യം ചെയ്യാൻ സഹായിച്ച St.വിൻസെൻറ് ഡി പോൾ അംഗങ്ങളെയും മറ്റുള്ളവരെയും സ്നേഹപൂർവം അനുസ്മരിക്കുന്നു. ഈ തീർത്ഥാടനത്തിൽ പങ്കെടുത്ത ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ മുതൽ ഓരോ വ്യക്തിക്കും അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. അടിയുറച്ച ക്രൈസ്തവ വിശ്വാസത്തിൽ തിരു കുടുംബത്തിന്റെ കാവലിൽ നിങ്ങളുടെ വിശ്വാസ ജീവിതം മുന്നേറട്ടെ.. ഈ ലോകത്തിനു മുൻപിൽ ഈശോയ്ക്ക് സാക്ഷികൾ ആകുവാൻ നമുക്കും കഴിയട്ടെ..*

*സ്നേഹപൂർവ്വം,*
*ജിജു ജോസഫ്*



# മാതൃദീപ്തി

**_Rincy Skaria_**



*ഫ്രാങ്ക്ഫർട്ട് സീറോ മലബാർ ഇടവകാസമൂഹത്തിലെ അമ്മമാർ, അവരിലെ സ്നേഹവും, നന്മയും, സഹായമനസ്കതയും തങ്ങളാൽ കഴിയും വിധം സമൂഹത്തിനു നൽകാനും മറ്റുള്ളവർക്കു പ്രചോദനം ഏകുവാനും ആഗ്രഹിച്ച് മാതൃദീപ്തി എന്ന ഭക്തസംഘടന 2017 മെയ് 7ന് വി.യൗസേപ്പിതാവിന്റെ തിരുന്നാൾദിനം കല്യാൺരൂപതയുടെ ബിഷപ്പ് അഭിവന്ദ്യ മാർ തോമസ് ഇലവനാലിൽ നിന്നും ദീപം സ്വീകരിച്ച് ഔദ്യോഗികമായി പ്രാരംഭം കുറിച്ചു. 24 അമ്മമാർ പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥതയിൽ പ്രാർത്ഥനയോടെ അടിസ്ഥാനമിട്ട സംഘടന ഇന്നു വളർന്ന് സജീവമായി മുന്നോട്ടു പോകുന്നു.*

*ആത്മീയ ഉപദേഷ്ടാക്കളുടെ അനുഗ്രഹവും, ഓരോ കാലഘട്ടങ്ങളിൽ മാറിവരുന്ന ഭാരവാഹികളുടെ ഉത്തരവാദിത്വപൂർണ്ണമായ നേതൃത്വസ്ഥാനവും സംഘടനയെ സജീവമായി മുന്നോട്ടു നയിക്കുന്നു. എല്ലാ ദിവസവും പരി. അമ്മയോട് ചേർന്ന് ജപമാലയിലെ ഓരോ രഹസ്യം കാഴ്ചവച്ച് സംഘടനാംഗങ്ങൾ നടത്തിവരുന്ന പ്രാർത്ഥന, സംഘടനയെ എന്നും വിശ്വാസത്തിന്റെ ആഴത്തിൽ ഉറപ്പിക്കുന്നു. സംഘടനാംഗങ്ങൾ ശേഖരിക്കുന്ന കൊച്ചു സ്തോത്രകാഴ്ചകൾ (മീറ്റിങ്ങിൽ, മാതൃദീപ്തിഡേയിൽ, Flohmarkt ൽ) വലിയ ഒരു നിധിയായി കൂട്ടിവച്ചു പാവപ്പെട്ട കുട്ടികളുടെ പഠനത്തിനായും വിധവകളായ സ്ത്രീകളുടെ ഉന്നമനത്തിനായും ഉപകരിക്കുന്നു.*



എല്ലാ വർഷവും സെപ്റ്റംബർമാസം മാതാവിന്റെ ജനനത്തിരുനാളിനോട് അനുബന്ധിച്ചു നടത്തിവരുന്ന മാതൃദീപ്തിഡേ സീറോ മലബാർ സമൂഹത്തിൽ വളരെ ശ്രദ്ധേയമാണ്. സംഘടനാംഗങ്ങൾക്കായി നടത്തിവരുന്ന സെമിനാറുകൾ, തീർത്ഥയാത്രകൾ സംഘടനയെ കൂടുതൽ വിശ്വാസജീവിതത്തിലും ഐക്യത്തിലും സ്നേഹത്തിലും ഉറപ്പിച്ചു നിർത്തുന്നു.

**പരസ്പരം നമുക്ക് കൈകോർക്കാം.**

സീറോ മലബാർ ഫ്രാങ്ക്ഫർട്ട് ഇടവകാസമൂഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ മാതൃദീപ്തി കൂട്ടായ്മ എന്നും സമൂഹത്തിന് മാതൃകയാവട്ടെ. നന്മനിറഞ്ഞ അംഗങ്ങളാൽ സമ്പന്നമാവട്ടെ ഈ സംഘടന. സ്നേഹത്തിന്റെയും നന്മയുടേയും അമ്മയായ പരി. മാതാവിനെ മുഖമുദ്രയാക്കിയ ഈ മാതൃദീപ്തി സംഘടന അമ്മയുടെ വഴിത്താരയിലൂടെ ചലിക്കട്ടെ. അമ്മയുടെ സംരക്ഷണം എന്നും എപ്പോഴും എവർക്കും ഉണ്ടാകട്ടെ. സംഘടനയിലെ എല്ലാ അംഗങ്ങളേയും അവരുടെ കുടുംബാഗംങ്ങളേയും മാതൃദീപ്തിയുടെ പ്രാർത്ഥനാക്കൂട്ടായ്മയിൽ ചേർത്തു വയ്ക്കുന്നു. അതിലുപരി നമ്മുടെ ഇടവകാസമൂഹത്തിന്റെ ആധ്യാത്മികമായ കൂടുതൽ വളർച്ചയ്ക്കായി നമ്മുക്കു പുൽക്കൂട്ടിൽ പിറന്ന രക്ഷകനായ ഉണ്ണീശോയോടു അപേക്ഷിക്കാം.

സ്നേഹപൂർവ്വം,
റിൻസി സ്കറിയ

# TAGESAUSFLUG DER MINISTRANTEN

***ടെൻസി ഫിജു പൊക്കത്ത്***



*ഈ വർഷം ജൂലൈ ഒന്നാം തീയ്യതി നമ്മുടെ സീറോ മലബാർ ഫ്രാങ്ക്ഫർട്ട് ഇടവകയിൽ അൾത്താരശുശ്രൂഷകർക്കായി സംഘടിപ്പിച്ച (Tagesausflug der Ministranten) തീർത്ഥയാത്രയെക്കുറിച്ചുള്ള ഒരു ചെറു വിവരണമാണ് ഞാൻ ഇവിടെ കുറിക്കുന്നത്.*

*കുട്ടികളെ സംബന്ധിച്ചു അവർ വളരേയേറെ ആകാംക്ഷയോടെ കാത്തിരുന്ന ഒരു യാത്ര ആയിരുന്നു ഇത്. പുണ്യസ്ഥലങ്ങൾ സന്ദർശിക്കാനും പ്രാർത്ഥിക്കുവാനും നാം യുവതലമുറയ്ക്കു അവസരങ്ങളൊരുക്കുക വഴി അതവരുടെ വിശ്വാസ ജീവിതത്തിനു ആഴം കൂട്ടുമെന്നതിൽ സംശയമില്ല. കുട്ടികൾക്ക് അവരുടെ പ്രായത്തിനു യോജ്യമാംവിധം യാത്രകൾ രസകരമായ രീതിയിൽ ക്രമീകരിച്ചാൽ അതവർക്ക് മറക്കാനാവാത്ത നല്ല അനുഭവമാകും. യാത്രാമധ്യേ കൂട്ടുകാരുമൊത്തു കളിച്ചുല്ലസിക്കാൻ കിട്ടുന്ന അവസരങ്ങൾ നമ്മുടെ കുട്ടികൾക്ക് ഏറെ സന്തോഷം നൽകുന്ന ഒന്നാണ്.*

*നമ്മുടെ ഇടവകയിലെ അൾത്താരശുശ്രൂഷകരും അവരുടെ മാതാപിതാക്കളും അടങ്ങുന്ന ഏകദേശം 30 പേർ ഉള്ള ഒരു ഗ്രൂപ്പ് ആയിരുന്നു ഞങ്ങളുടേത്. ഞങ്ങൾ സന്ദർശിക്കുന്ന സ്ഥലങ്ങളെക്കുറിച്ചും അവിടെ എത്തിച്ചേരേണ്ട സമയത്തെക്കുറിച്ചുമെല്ലാം മുന്നേ തന്നെ ഒരു പ്ലാൻ തയ്യാറാക്കിയിരുന്നു.*

രാവിലെ 8:30 ന് ആരംഭിച്ച യാത്രയുടെ ആദ്യലക്ഷ്യം Lohr am Main എന്ന സ്ഥലത്തെ Mariabuchen എന്ന മാതാവിന്റെ തീർത്ഥാടന ദേവാലയത്തിലേക്കായിരുന്നു. ഫ്രാങ്ക്ഫർട്ടിൽ നിന്നും ഏകദേശം 92 km ദൂരം ഉണ്ട് ഈ സ്ഥലത്തേയ്ക്ക്. എല്ലാവരും അവരവരുടെ വാഹനങ്ങളിലാണ് യാത്ര ചെയ്തത്. തീരുമാനിച്ച സമയത്തുതന്നെ അവിടെ എല്ലാവർക്കും എത്തിച്ചേരാൻ സാധിച്ചു. നഗരതിരക്കിൽനിന്നെല്ലാം മാറി പ്രകൃതിരമണീയമായ മലനിരകൾക്കിടയിലുള്ള ഒരു മാതാവിന്റെ പള്ളി. ഞങ്ങൾ എല്ലാവരും പള്ളിയിൽ കുറച്ചുനേരം തോമസച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയിൽ ചിലവഴിച്ചു. പിന്നീട് അവിടുത്തെ വികാരിയച്ചൻ ആ ദേവാലയത്തെക്കുറിച്ചും അവിടെ മാതാവ് പ്രത്യക്ഷപ്പെട്ട ചരിത്രത്തെക്കുറിച്ചും ഒരു ചെറുവിവരണം ഞങ്ങൾക്കു നൽകി. കൂടാതെ മാതാവിന്റെ ഓരോ പോസ്റ്റുകാർഡും എല്ലാവർക്കും സമ്മാനമായി ലഭിക്കുകയും ചെയ്തു.



ആ ദേവാലയ പരിസരമെല്ലാം ചുറ്റിനടന്ന് നോക്കിക്കണ്ടതിനുശേഷം മുൻകൂറായി പറഞ്ഞുറപ്പിച്ചിരുന്ന ഉച്ചഭക്ഷണത്തിനായി അടുത്തുള്ള റസ്റ്റോറന്റിലേയ്ക്കു പോയി. പള്ളിയിൽ നിന്നും നടക്കാവുന്ന ദൂരമേ ഉണ്ടായിരുന്നുള്ളു. Hotelgasthof Bühenmühle ൽ ആയിരുന്നു ഞങ്ങൾക്കുള്ള ഭക്ഷണം ക്രമീകരിച്ചിരുന്നത്. കുറച്ച് കാത്തിരിപ്പിനുശേഷം നല്ല രുചികരമായ ഭക്ഷണം ഞങ്ങളുടെ മേശകളിലെത്തി. കുട്ടികൾക്കായി അവർക്കിഷ്ടമുള്ള ഭക്ഷണങ്ങൾ.. എല്ലാവരും മതിയാവോളം കഴിച്ചു. ജർമൻഭാഷയിൽ പറഞ്ഞാൽ 'sehr lecker'. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികളെല്ലാം ഹോട്ടലിനടുത്തുള്ള മൈതാനത്തിൽ കളിക്കാൻ പോയി. മുതിർന്നവർ പല ഗ്രൂപ്പ് ആയി അവിടെ അടുത്തുതന്നെ നടക്കാനും ആരംഭിച്ചു . പക്ഷേ ഞങ്ങൾക്ക് മറ്റു സ്ഥലങ്ങളിലും സമയബന്ധിതമായി എത്തേണ്ടതുകൊണ്ട് അവിടെ അധികസമയം ചിലവഴിക്കാൻ സാധിച്ചില്ല.

ഞങ്ങളുടെ അടുത്ത ലക്ഷ്യം അവിടെനിന്നും ഏകദേശം 40km ദൂരെയുള്ള Würzburger Dom ( Kiliansdom ) ആയിരുന്നു. നല്ല തിരക്കുള്ള നഗരമാണെങ്കിലും വാഹനങ്ങളെല്ലാം പാർക്ക് ചെയ്യാനുള്ള സൗകര്യം കിട്ടി. Domലേക്കുള്ള വഴിയോരകാഴ്ചകളും കടകളും എല്ലാം വളരേ മനോഹരമായിരുന്നു. കുറച്ചുനേരത്തെ നടപ്പിനുശേഷം ഞങ്ങൾ Domൽ എത്തിച്ചേർന്നു. അതിനുള്ളിലെ കാഴ്ചകളെല്ലാം നല്ല പുതുമയുള്ളതായിരുന്നു. പലതരത്തിലുള്ള ചിത്രപ്പണികളും, രൂപങ്ങളും, കൊത്തുപണികളും എല്ലാം കാണേണ്ടത് തന്നെയാണ്. പ്രാർത്ഥനക്കുശേഷം കുറച്ചുനേരം ഞങ്ങൾ അവിടെ ചിലവഴിച്ചു.

അതിനുശേഷം വീണ്ടും ഞങ്ങളുടെ അടുത്ത ലക്ഷ്യസ്ഥാനമായ Claretiner Seminar-Würzburg ലേക്ക് യാത്ര ആരംഭിച്ചു.അവിടെ ഞങ്ങളുടെ വരവും പ്രതീക്ഷിച്ചു ഫാ.ജെയിംസ് പട്ടേരിയിൽ, ഫാ.സജി വാളിപ്ലാക്കൽ, നമ്മുടെ ഇപ്പോഴത്തെ വികാരി ഫാ.ജോബി കുന്നത്ത് എന്നീ അച്ചൻമാർ നിൽപ്പുണ്ടായിരുന്നു. അവിടെയൊരു Hausmuseum ഒരുക്കിയിട്ടുണ്ട്. അവിടുത്തെ കാഴ്ചകളെല്ലാം ഒത്തിരി കൗതുകത്തോടെയാണ് ഞങ്ങൾ നോക്കിക്കണ്ടത്. കുട്ടികൾക്കു ഇവിടം വളരെ നല്ല പുതുമയുള്ള കാഴ്ചകളാണ് സമ്മാനിച്ചത്. നമ്മുടെ ഇൻഡ്യയുടേയും അതുപോലെ ആഫ്രിക്ക മുതലായ രാജ്യങ്ങളുടെ പാരമ്പര്യങ്ങളെയും,പഴയ കലാരൂപങ്ങളെയും വൈവിധ്യങ്ങളെയും ഓർമിപ്പിക്കുന്ന കുറേയേറെ വസ്തുക്കൾ മ്യൂസിയത്തിൽ ക്രമികരിച്ചിട്ടുണ്ട്. കുട്ടികൾ അവയെല്ലാം ഓടിനടന്ന് ആസ്വദിച്ചു. ഒപ്പം കുറേ സംശയങ്ങളും ചോദ്യങ്ങളും...

പിന്നീട് അച്ചന്മാർ ഞങ്ങൾക്കായി അവിടെ ചായയും പലഹാരങ്ങളും ഒരുക്കിയിരുന്നു. ശേഷം ഞങ്ങൾ അവരുടെ പൂന്തോട്ടവും കൃഷിത്തോട്ടവും എല്ലാം നടന്നുകണ്ടു. പിന്നീട് ഞങ്ങൾ അവിടെനിന്നും എല്ലാവരോടും യാത്രപറഞ്ഞു വീടുകളിലേക്ക് തിരിച്ചു. ഏകദേശം 8 മണിയോടെ ഞങ്ങൾ വീടുകളിൽ എത്തിച്ചേർന്നു.



ഇത്രയും നല്ലൊരു യാത്ര ഞങ്ങൾക്കായി ഒരുക്കിയ ജോൺസൺ ചേട്ടനേയും (കടകത്തലയ്ക്കൽ) തോമസച്ചനേയും (വട്ടുകുളം) നന്ദിയോടെ ഓർക്കുന്നു..ഒപ്പം ഞങ്ങളുടെ കൂടെ യാത്രചെയ്ത് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകിയ സി. റൊസീറ്റ FCC യ്ക്കും, സി. റാണി മരിയ FCC യ്ക്കും നന്ദി പറയുന്നു .

സ്നേഹപൂർവ്വം,
ടെൻസി ഫിജു പൊക്കത്ത്.

# Society of Saint Vincent de Paul

***Manoj Cherian***

*ഈശോയിൽ പ്രിയപ്പെട്ടവരേ,*

*സമൂഹത്തിലെ കഷ്ടത അനുഭവിക്കുന്നവരിലേക്കു നേരിട്ട് സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1833 ലാണ് ഫ്രാൻസിൽ **Society of Saint Vincent de Paul** രൂപീകൃതമാകുന്നത്. തങ്ങളുടെ സമയത്തിന്റെയും അധ്വാനത്തിന്റെയും ഒരു ഭാഗം നിർധനരായ കുടുംബങ്ങൾക്കു വേണ്ടി മാറ്റി വയ്ക്കുവാൻ 2005ൽ നമ്മുടെ കൂട്ടായ്മയിലെ ഏതാനും അംഗങ്ങൾ ചേർന്നു തീരുമാനിച്ചപ്പോൾ **Frankfurt Syro Malabar** സമൂഹത്തിലും **Saint Vincent De Paul Society** യുടെ ഒരു യൂണിറ്റ് ഉടലെടുത്തു .*

*നിർധനരായ വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്കുള്ള പഠന സഹായം, ചികിത്സാ സഹായം, ഭവന നിർമ്മാണ സഹായം എന്നീ മേഖലകളിൽ കഴിഞ്ഞ 18 വർഷങ്ങൾ കൊണ്ട് നിരവധി കുടുംബങ്ങൾക്ക് അത്താണി ആകുവാൻ നമുക്കു സാധിച്ചു. നിലവിൽ നിർധനരായ മൂന്നു നഴ്സിംഗ് വിദ്യാർത്ഥിനികളെ സംഘടന സാമ്പത്തികമായി സഹായിക്കുന്നു. കഴിഞ്ഞ ഒരു വർഷ കാലയളവിൽ ഏകദേശം 11000 യൂറോയുടെ സഹായം വിവിധ മേഖലകളിലായി ചെയ്യുവാൻ നമുക്ക് സാധിച്ചു .*








എല്ലാ വർഷവും ഈസ്റ്റർനോട് അനുബന്ധിച്ചു വിതരണം ചെയ്തു, ക്രിസ്മസ് സമയത്തു തിരിച്ചു സ്വീകരിക്കുന്ന ഡോസേകൾ (കുടുക്ക), വിൻസെന്റ് ഡി പോൾ ചാരിറ്റി ഡിന്നർ, **House Shifting (Umzug)** / കേറ്ററിംഗ് വർക്കുകൾ ഇവയിൽ നിന്നും ആണ് പ്രസ്തുത സഹായങ്ങൾക്കുള്ള പണം കണ്ടെത്തുന്നത് . കൂടാതെ  സ്വകാര്യ വ്യക്തികൾ തങ്ങളുടെ പിറന്നാൾ, വിവാഹവാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പ്രത്യേക സംഭാവനകൾ നൽകുന്നതും സംഘടനയെ ഒരുപാട് സഹായിക്കുന്നു .

**St.Vincent De Paul** സൊസൈറ്റിയുടെ പ്രവർത്തങ്ങളിൽ എന്നും പിന്തുണ നൽകി ആത്മാർത്ഥമായി സഹായിക്കുന്ന എല്ലാ ഇടവകാംഗങ്ങളെയും ഈ അവസരത്തിൽ ഏറ്റവും നന്ദിയോടെ ഓർക്കുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു എന്നും ഒപ്പം നിൽക്കുന്ന വികാരിയച്ചനും പള്ളിക്കമ്മിറ്റി അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു.

സംഘടനയുടെ തുടർന്നുള്ള പ്രവർത്തങ്ങളിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.ഏറ്റവും സന്തോഷകരമായ ഒരു ക്രിസ്തുമസ് നിങ്ങൾക്കു ഓരോരുത്തർക്കും കുടുംബാംഗങ്ങൾക്കും നേർന്നു കൊണ്ട്,

സ്നേഹപൂർവ്വം,
മനോജ് ചെറിയാൻ
**(President)**

# Memories - 2023



# *Priestly ordination of Fr. Melvin Watts*





















# ST. JOSEPH'S FEST 2023





















# WOCHENENDE SEMINAR





# ST. THOMAS FEST 2023
















































# PILGERFAHRT 2023

# ASSISI & PADUA

















# YFJ holy mass at Hofheimer Bergkapelle

























# MATHRUDEEPTHI FEST 2023

















# MATHRUDEEPTHI TRIP 2023




















# ST. VINCENT DE PAUL CHARITY DINNER



























# സമർപ്പിതസംഗമം















# Welcome & Goodbye




Rev. Fr. JOBY KUNNATH CMF
Rev. Fr. Dr. THOMAS VATTUKULAM CMF
YFJ (Youth for Jesus)
FRANKFURT





























# Parish Committee 2022-2024




*Joseph Philipose*



*Gracy Pallivathukkal*



*Johnson Kadakathalackal*



*Bijan Kailath*



*Sunil Antony*



*Sr.Anaswara C.S.N.*



*Manoj Cherian*



*Geo Nedumpuram Devassy*

# ADVENTSLIEDERSINGEN 2023





# *Silver Jubilee Wedding Anniversary Holy mass at Limburger Dom*







# PROGRAMME 2024

## ജനുവരി

| | | | |
|---|---|---|---|
| 07.01.2024 | ഞായർ | : | **St. Kuriakose Chavara**<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 14.01.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 21.01.2024 | ഞായർ | : | **St. Sebastian**<br>15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## ഫെബ്രുവരി

| | | | |
|---|---|---|---|
| 04.02.2024 | ഞായർ | : | 16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 11.02.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 18.02.2024 | ഞായർ | : | **Bl. Sr. Rani Maria**<br>15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## മാർച്ച്

| | | | |
|---|---|---|---|
| 03.03.2024 | ഞായർ | : | 16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 10.03.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 17.03.2024 | ഞായർ | : | 15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |
| **23.03.2024** | **ശനി** | : | **9.30 - 16.00 വാർഷികധ്യാനം**<br>**വിശുദ്ധ കുർബ്ബാന** |

| | | | |
|---|---|---|---|
| **24.03.2024** | **ഓശാന ഞായർ** | **:** | **10.00 - 16.00 വാർഷികധ്യാനം**<br>**16.00 വിശുദ്ധ കുർബ്ബാന** |
| **28.03.2024** | **പെസഹാ വ്യാഴം** | **:** | **17.00 വിശുദ്ധ കുർബ്ബാന**<br>**അപ്പം മുറിക്കൽ ശുശ്രൂഷ ആരാധന** |
| **29.03.2024** | **ദുഃഖവെള്ളി** | **:** | **Passion of Jesus Christ**<br>**9.30 – 11.30 തിരുക്കർമ്മങ്ങൾ** |
| **31.03.2024** | **ഞായർ** | **:** | **ഈശോയുടെ ഉയിർപ്പുതിരുനാൾ**<br>**EASTER**<br>**16.00 ആഘോഷമായ വിശുദ്ധ കുർബ്ബാന** |

## ഏപ്രിൽ

| | | | |
|---|---|---|---|
| 07.04.2024 | ഞായർ | : | **പുതുഞായർ**<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 14.04.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 21.04.2024 | ഞായർ | : | 15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## മെയ്

| | | | |
|---|---|---|---|
| 05.05.2024 | ഞായർ | : | **St. Joseph the Worker - Feast Celebration**<br>16.00 വിശുദ്ധ കുർബ്ബാന |
| 12.05.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 18.05.2024 | ശനി | : | **PENTECOST** |
| 19.05.2024 | ഞായർ | : | **മെയ്മാസവണക്കം**<br>15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## ജൂൺ

| | | | |
|---|---|---|---|
| 02.06.2024 | ഞായർ | : | 16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 09.06.2024 | ഞായർ | : | **St. Mariyam Thresia**<br>15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |

16.06.2024 ഞായർ : 15.30 Holy Rosary
16.00 വിശുദ്ധ കുർബ്ബാന

28.06 to 30.06.2024 : **WOCHENENDE SEMINAR**

## ജൂലൈ

07.07.2024 ഞായർ : **മാർ തോമാശ്ലീഹായുടെ ദുക്റാന**
**PFARRFEST**
16.00 വിശുദ്ധ കുർബ്ബാന

14.07.2024 ഞായർ : 15.00 ആരാധന
16.00 വിശുദ്ധ കുർബ്ബാന
17.30 **Catechism**

18.07 to 23.07.2024 : **PILGERFAHRT**
**തീർത്ഥാടനം Plan: 18.07 to 23.07.2024**
**( സ്ഥലവും കൃത്യ തീയതി യും പിന്നീട് അറിയിക്കും )**

21.07.2024 ഞായർ : 15.30 Holy Rosary
16.00 വിശുദ്ധ കുർബ്ബാന

## ആഗസ്റ്റ്

04.08.2024 ഞായർ : 16.00 വിശുദ്ധ കുർബ്ബാന
17.30 **Catechism**

11.08.2024 ഞായർ : **പ. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണം**
15.00 ആരാധന
16.00 വിശുദ്ധ കുർബ്ബാന
17.30 **Catechism**

18.08.2024 ഞായർ : **St. Sr. Euphrasia**
15.30 Holy Rosary
16.00 വിശുദ്ധ കുർബ്ബാന

## സെപ്റ്റംബർ

01.09.2024 ഞായർ : **St. Mother Theresa**
16.00 വിശുദ്ധ കുർബ്ബാന
17.30 **Catechism**

08.09.2024 ഞായർ : **The Nativity of the Blessed Virgin Mary**
**മാതൃദീപ്തിദിനം**
16.00 വിശുദ്ധ കുർബ്ബാന

15.09.2024 ഞായർ : 15.30 Holy Rosary
16.00 വിശുദ്ധ കുർബ്ബാന

28.09.2024 ശനി : **St. Vincent de Paul Feast**
18.00 വിശുദ്ധ കുർബ്ബാന
19.15 **Charity Dinner**

## ഒക്ടോബർ

| | | | |
|---|---|---|---|
| 06.10.2024 | ഞായർ | : | **St. Sr. Alphonsa**<br>11.00 -15.00 **സമർപ്പിതസംഗമം**<br>16.00 വിശുദ്ധ കുർബ്ബാന |
| 13.10.2024 | ഞായർ | : | **Queen of the Holy Rosary**<br>15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 20.10.2024 | ഞായർ | : | 15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## നവംബർ

| | | | |
|---|---|---|---|
| 03.11.2024 | ഞായർ | : | 16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 10.11.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 17.11.2024 | ഞായർ | : | 15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |

## ഡിസംബർ

| | | | |
|---|---|---|---|
| 01.12.2024 | ഞായർ | : | **St. Francis Xavier**<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 08.12.2024 | ഞായർ | : | 15.00 ആരാധന<br>16.00 വിശുദ്ധ കുർബ്ബാന<br>17.30 **Catechism** |
| 15.12.2024 | ഞായർ | : | 15.30 Holy Rosary<br>16.00 വിശുദ്ധ കുർബ്ബാന |
| **25.12.2024** | **ബുധൻ** | : | **The Birth of Jesus Christ**<br>**CHRISTMAS**<br>**16.00 വിശുദ്ധ കുർബ്ബാന**<br>**17.45 Christmas Celebration** |

# *നന്ദി ............*

*ജോലിയുടെയും കുടുംബപ്രാരാബ്ധങ്ങളുടെ ഇടയിലും ഫ്രാങ്ക്ഫർട് സീറോ മലബാർ ഇടവകയുടെ വളർച്ചക്കും ഉന്നമനത്തിനും വേണ്ടി എല്ലാ പ്രവർത്തനങ്ങളിലും സ്നേഹത്തോടും, സന്തോഷത്തോടുംകൂടി ആത്മാർത്ഥമായി സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഒരായിരം നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് എല്ലാ കമ്മിറ്റി മെംബേർസ് ,ഭക്തസംഘടനാ അംഗങ്ങൾ, മതബോധന അധ്യാപകർ, ഗായകസംഘം, അൾത്താര ശുശ്രൂഷികൾ, അതുപോലെ സന്തോഷത്തോടെ ഈ കൂട്ടായ്മയിൽ പങ്കുചേരുന്ന ഓരോരുത്തരേയും അവരുടെ വിലപ്പെട്ട സമയത്തേയും എല്ലാ ഉദ്യമങ്ങളേയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.*

*അതുപോലെ ഈ വർഷത്തെ ജ്യോതി പുറത്തിറക്കാൻ വിവിധങ്ങളായ രീതിയിൽ സഹായിച്ച എല്ലാവർക്കും, വളരെ പ്രത്യേകിച്ച് DTP, എഡിറ്റിംഗ്, ഗ്രാഫിക് ഡിസൈൻ, തുടങ്ങിയ ജോലികൾ ചെയ്ത് സഹായിച്ച ജേക്കബ് ആൽബിൻ പാറടി, പ്രൂഫ്റീഡിങ്ങ് നടത്തി സഹായിച്ച അനുപ ജേക്കബ് പാറടി, ബിജൻ കൈലാത്ത്, ജോസഫ് ഫിലിപ്പോസ്, ജോൺസൺ കടകത്തലക്കൽ, എന്നിവർക്കും എൻ്റെ ആത്മ്മാർത്ഥമായ സ്നേഹവും, നന്ദിയും കടപ്പാടും അറിയിക്കുന്നു.*

*തിരുപ്പിറവിയുടെ എല്ലാവിധ സന്തോഷവും നൻമയും അനുഗ്രഹങ്ങളും ഈ പുതുവർഷത്തിലുടനീളം ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ ഒരിക്കൽക്കൂടി എല്ലാവർക്കും എൻ്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.*

***സ്നേഹപൂർവ്വം,***
***ഫാ. ജോബി ജോർജ് കുന്നത്ത് CMF***




*Impressum*

***Indische Syro-Malabarische Gemeinde***
***St. Christophorus Kirche***
***An den Drei Steinen 42, Preungesheim***
***60435 Frankfurt am Main***
***Tel: 069 61000917***
***Mob: 004917684931319***

***Pfarrer Joby George Kunnath C.M.F.***
***Claretiner Seminar***
***Hühnerweg 25***
***60599 Frankfurt am Main***
***Email:syromalabarfrankfurt@gmail.com***
***www.syromalabar-frankfurt.com***


*“All good giving and every perfect gift is from above …”*
*-James 1:17*